**F 6353** (Pages : 3) Reg. No.................................

Name.................................

# FIVE YEAR B.A., LL.B. (HONOURS) DEGREE/B.Com., LL.B. (HONOURS) DEGREE EXAMINATION, SEPTEMBER 2021

## Fourth Semester

## FM 1– Additional Language

## Paper I—MALAYALAM

(2018 Admissions—Regular)

: Three Hours Maximum : 75 Marks

### എ വിഭാഗം

. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

മലയാള കവിതയിൽ വിപ്ലവസ്വപ്നങ്ങൾ പൂത്തു വിരിഞ്ഞ അരുണദശകമായിരുന്നു 1950 കൾ. ആ ചുവന്ന ഭാവുകത്വത്തിന്റെ കവികളായ വയലാർ, ഒ.എൻ.വി., തിരുനല്ലൂർ കരുണാകരൻ, പുനലൂർ ബാലൻ തുടങ്ങിയവർ അതിവേഗം ശ്രദ്ധിക്കപ്പെട്ടു. അവർക്കു മുമ്പേ തന്നെ പി. ഭാസ്കരൻ തീപ്പാട്ടുകൾ കൊണ്ട് മലയാളത്തെ ജ്വലിപ്പിച്ചിരുന്നു. കൊല്ലം കസ്ബാ ലോക്കപ്പിൽ കിടന്ന് മർദ്ദനം ഏറ്റതിന്റെ ഒന്നാം വാർഷികത്തിൽ പുതുശ്ശേരി എഴുതിയ 'ആവുന്നത്ര ഉച്ചത്തിൽ' എന്ന കവിത ആ കാലത്തിന്റെ രാഷ്ട്രീയാത്മാവിനെ ആവിഷ്ക്കരിച്ചു. പടപ്പാട്ടിന്റെ സ്വഭാവമുണ്ടായിരുന്നെങ്കിലും അതിന് സ്വാനുഭവത്തിന്റെ ചൂടും ചൂരും ഉണ്ടായിരുന്നു. അനുഭവത്തിന്റെ വാച്യാവിഷ്ക്കാരം നടത്തിയവയായിരുന്നു പുതുശ്ശേരിയുടെ കവിതകൾ. പൊതുവിൽ അരുണ ദശക കവികൾ ചങ്ങമ്പുഴ ശീലുകളിൽ വിപ്ലവാശയങ്ങൾ നിറയ്ക്കുകയാണ് ചെയ്തത് എന്നൊരു വിമർശനമുണ്ട്. പുതുശ്ശേരിയുടെ കവിതകൾ പദസംഗീതത്തിലും തരളകോമള പദാവലിയിലും അഭിരമിക്കുന്നവയല്ല. പരുക്കൻ വിന്യാസത്തിലൂടെ പുതുശ്ശേരിക്കവിതകളിൽ നാടൻ വാക്കുകളും കല്പനകളും മറ്റൊരന്തരീക്ഷം സൃഷ്ടിച്ചു.

1 മലയാള കവിതയിൽ വിപ്ലവ സ്വപ്നങ്ങൾ പൂത്തുലഞ്ഞ അരുണദശകമേത് ?

2 ചുവന്ന ഭാവുകത്വത്തിന്റെ കവികളായി അറിയപ്പെടുന്നവർ ആരെല്ലാം ?

3 തീപ്പാട്ടുകൾക്കൊണ്ട് മലയാളത്തെ ജ്വലിപ്പിച്ച കവിയാർ ?

4 'ആവുന്നത്ര ഉച്ചത്തിൽ' എന്ന കവിതയുടെ പ്രത്യേകത എന്ത് ?

5 പുതുശ്ശേരിക്കവിതകളുടെ രണ്ട് സവിശേഷതകൾ പരാമർശിക്കുക.

(5 × 1 = 5 marks)

**ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച്** രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

(a) കേരളത്തിന്റെ സാമ്പത്തിക നിലപാടുകൾ.

(b) കൊറോണയെന്ന മഹാമാരിയ്ക്കു പിന്നിൽ കേരളത്തിലുണ്ടായ സാമൂഹ്യ പ്രതിസന്ധികൾ വിശകലനം ചെയ്യുക.

(1 × 10 = 10 marks)

III. ആരോഗ്യ പരിപാലനത്തിനു വേണ്ട സുരക്ഷാ ക്രമീകരണങ്ങൾ സൂചിപ്പിച്ചു കൊണ്ട് ആരോഗ്യ മന്ത്രിക്ക് ഒ X.
കത്ത് തയ്യാറാക്കുക.

(1 × 10 = 10 mar

## ബി വിഭാഗം

XI.

IV. പ്രയോഗം മാറ്റുക :

(a) പതിവുള്ള ചക്രക്കസേരയിലല്ല ; പുതിയൊരു ചൂരൽക്കസേരയിൽ അച്ഛൻ തലയിണയിൽ ചാരി ഇരു

(b) മുപ്പതിലേറെ പുതിയ വൈറസുകളാൽ മനുഷ്യവർഗ്ഗം ആക്രമിക്കപ്പെട്ടു.

(2 × 1 = 2 mar

II.

V. അർത്ഥവ്യത്യാസം വരാതെ വിധി വാക്യത്തെ നിഷേധവാക്യമായി മാറ്റുക :

(a) നാളെ അവൻ വരുന്നു.

(b) കവിത എഴുതി പ്രസിദ്ധീകരിച്ചു.

(2 × 1 = 2 mar

VI. അംഗിവാക്യം, അംഗവാക്യം എന്നിവ വേർതിരിച്ചെഴുതുക :

(a) ജോലി കിട്ടിക്കഴിഞ്ഞ് മാത്രമേ പുസ്തകങ്ങൾ വാങ്ങാൻ സാധിക്കൂ.

(b) സ്വാഭാവികത കൊണ്ട് മനസ്സിലിടം തേടുന്ന സിനിമകൾ അവാർഡുകൾക്ക് അതീതമാണ്.

(2 × 1 = 2 mar

VII. അന്വാഖ്യാന സംഭാഷണത്തിലാക്കുക :

വെങ്കയ്യൻ : "നിങ്ങളാരാണ് ?"

കുമാരൻ : "കുമാരു എന്നു പറയും" കുവേന്തിയക്കൻ പറഞ്ഞ വെങ്കയ്യൻ തന്നെയോ നിങ്ങൾ ?

വെങ്കയ്യൻ : അകാരാദി തയ്യാറാക്കുന്ന കുമാരുവാണോ നിങ്ങൾ ?"

(1 × 2 = 2 ma

VIII. ചിഹ്നങ്ങൾ നൽകുക :

ഡെൽഹി കമ്പനി സി.ഇ.ഒ. യുമായി നല്ല ബന്ധമല്ലേ ഓൺലൈനായി ശരിയാക്കിക്കൂടേ സുവർണ്ണ ചോദ

വേണ്ടാ റിസ്ക്കെടുക്കേണ്ടാ.

(1 × 2 = 2 ma

IX. വാക്യശുദ്ധി വരുത്തുക :

(a) പുന:ക്രമീകരണത്തിന് വീണ്ടും കുട്ടികളാരംഭിച്ചു.

(b) അനുദിനം ഓരോന്നായി വായിച്ച് എഴുതാൻ വളരെ ശ്രമിക്കേണ്ടതാണ്.

(2 × 1 = 2 m

X. മലയാള അക്കത്തിലെഴുതുക :

(a) 120. (b) 261. (c) 504. (d) 320.

(4 × 1 = 4 marks)

XI. (a) മലയാള മാസങ്ങൾ എഴുതുക. (3 marks)

(b) തിഥികൾ എഴുതുക. (3 marks)

(c) കന്നി മുതൽ 4 നക്ഷത്രങ്ങളുടെ പേരെഴുതുക. (1 × 3 = 3 marks)

## സി വിഭാഗം

XII. ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

(a) ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ വർണ്ണനാപാടവം പാഠ്യഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

(b) കുഞ്ചൻ നമ്പ്യാർക്കൃതികളിലെ കേരളീയതയെപ്പറ്റി വിശകലനം ചെയ്യുക.

(c) എഴുത്തച്ഛന്റെ കൃതികലിലെ ഭാഷാപരമായ പ്രത്യേകതയെന്ത് ?

(d) തകഴിയുടെ കഥകളിൽ അനാവരണം ചെയ്യുന്ന കേരളീയ സാമൂഹ്യ രാഷ് ട്രീയ പശ്ചാത്തലമെന്ത് ?

(e) മലയാള കവിതാ സാഹിത്യ ചരിത്രത്തിന്റെ പ്രാധാന്യമെന്ത് ?

(f) കാരൂർക്കഥകളിലെ ആഖ്യാന വൈഭവം 'പൂവമ്പഴ'ത്തെ ആസ്പദമാക്കി അപഗ്രഥിക്കുക.

(g) 'രാച്ചിയമ്മ' എന്ന കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

(5 × 5 = 25 marks)